**കേരളസർക്കാർ**
**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ്- ഗ്രാമവികസനം - ജീവനക്കാര്യം - ''മൂടത്തായിക്കൽ ചിറ്റാരിക്കൽ ശുദ്ധജല വിതരണ പദ്ധതി'' നിർവ്വഹണത്തിലെ ക്രമക്കേട് - കോഴിക്കോട് ബ്ലോക്ക് പഞ്ചായത്ത് മുൻ സെക്രട്ടറിയായിരുന്ന ശ്രീ.ഡി.ജോൺസനെതിരായ അച്ചടക്ക നടപടി 'താക്കീത്' നൽകി - തീർപ്പാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ( ഇആർബി) വകുപ്പ്**

**സർക്കാർ ഉത്തരവ് (സാധാ) നമ്പർ. 1311/2013/തസ്വഭവ, തിരുവനന്തപുരം,തീയതി, 17.05.2013**

---

പരാമർശം:-1. വിജിലൻസ് ഡയറക്ടറുടെ 08.11.2010 തീയതിയിലെ E12 (VE 05/2009/NRK)10248/2009 നമ്പർ കത്ത്.
2. 31.05.2011 തീയതിയിലെ 25402/ഇആർബി1/2011/തസ്വഭവ നമ്പർ കുറ്റപത്രം.
3. ശ്രീ.ഡി.ജോൺസന്റെ 27.06.2011-ലെ പ്രതിവാദപത്രിക.
4. ഗ്രാമവികസന കമ്മീഷണറുടെ 18.12.2012 തീയതിയിലെ 12998/എസ്റ്റാഎ4/2011/ഗ്രാവിക. നമ്പർ കത്ത്.

**ഉത്തരവ്**

കോഴിക്കോട് ബ്ലോക്കിൽപ്പെട്ട ''മൂടത്തായിക്കൽ ചിറ്റാരിക്കൽ ശുദ്ധജല വിതരണ പദ്ധതി''യിലെ ഗുരുതരമായ ക്രമക്കേടുമായി ബന്ധപ്പെട്ട് വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോയുടെ കോഴിക്കോട് മേഖലാ ഓഫീസിന്റെ അന്വേഷണ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ കോഴിക്കോട് ബ്ലോക്ക് പഞ്ചായത്തിലെ അന്നത്തെ സെക്രട്ടറി ആയിരുന്ന ശ്രീ.ഡി.ജോൺസനെതിരെ വകുപ്പുതല അച്ചടക്ക നടപടി സ്വീകരിക്കുവാൻ പരാമർശം (1) പ്രകാരം വിജിലൻസ് ഡയറക്ടർ സർക്കാരിനോട് ശുപാർശ ചെയ്തിരുന്നു.. അപ്രകാരം വിജിലൻസ് അന്വേഷണ റിപ്പോർട്ട് സർക്കാർ പരിശോധിക്കുകയും, കുറ്റാരോപിതനായ ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി ശ്രീ.ഡി.ജോൺസനെതിരെ പരാമർശം (2) പ്രകാരം കുറ്റാരോപണ മെമ്മോയും, കുറ്റാരോപണ പത്രികയും നൽകുകയും ചെയ്തു.

ടി കുറ്റപത്രത്തിനെതിരായി പരാമർശം (3) പ്രകാരം ശ്രീ.ഡി.ജോൺസൺ പ്രതിവാദപത്രിക സമർപ്പിക്കുകയും ആയതിന്മേൽ പരാമർശം (4) പ്രകാരം ഗ്രാമവികസന കമ്മീഷണർ റിപ്പോർട്ട് സമർപ്പിക്കുകയുമുണ്ടായി.

ജനകീയാസൂത്രണ പദ്ധതി 1999 - 2000 പ്രകാരം ഏറ്റെടുത്ത ''മൂടത്തായിക്കൽ ചിറ്റാരിക്കൽ ശുദ്ധജല വിതരണ പദ്ധതി'' നടപ്പിലാക്കുന്നതിനാവശ്യമായ സ്ഥലം ബന്ധപ്പെട്ട വ്യക്തികളിൽ നിന്നും /സ്ഥാപനങ്ങളിൽ നിന്നും, വിട്ടൊഴിയൽ ചെയ്ത് കിട്ടുമെന്ന് ബന്ധപ്പെട്ടവർ ഉറപ്പാക്കേണ്ടതായിരുന്നുവെന്നും, ആയത് ചെയ്യാതെയും, പ്രാഥമിക പരിശോധന

നടത്താതെയും, 31.03.2000-നുള്ളിൽ 2,08,267/ രൂപ വിവിധ ആവശ്യങ്ങൾക്കായി ചിലവഴിച്ചിട്ടുണ്ടെന്നും, കുറ്റാരോപിതനായ ശ്രീ.ഡി.ജോ.ൺസൺ 09.01.2002 മുതൽ 08.08.2002 വരെ കോഴിക്കോട് ബ്ലോക്ക് പഞ്ചായത്തിന്റെ അധിക ചുമതല മാത്രമാണ് വഹിച്ചിരുന്നതെന്നും, പ്രസ്തുത പദ്ധതി നടത്തിപ്പ് കാലയളവിൽ വേറെയും 5 പേർ കോഴിക്കോട് ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയുടെ സ്വതന്ത്ര ചുമതല വഹിച്ചിരുന്നുവെന്നും, അവരാരും തന്നെ പ്രസ്തുത പ്രവൃത്തിയുടെ പൂർത്തികരണത്തിനാവശ്യമായ നടപടികൾ സ്വീകരിച്ചിരുന്നില്ലായെന്നും, എ.ഡി.സി.(ജനറൽ) കോഴിക്കോട് റിപ്പോർട്ട് ചെയ്തിട്ടുള്ളതായും ഗ്രാമവികസന കമ്മീഷണർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

ശ്രീ.ഡി.ജോൺസൺ കോഴിക്കോട് ബ്ലോക്ക് പഞ്ചായത്തിന്റെ അധിക ചുമതല വഹിച്ചിരുന്ന കാലഘട്ടത്തിൽ പ്രസ്തുത പദ്ധതിക്ക് വേണ്ടി യാതൊരു തുകയും, ചെലവഴിച്ചിട്ടില്ലാത്ത സാഹചര്യത്തിൽ ടിയാൻ ഇക്കാര്യത്തിൽ സാമ്പത്തിക ബാദ്ധ്യത ഉണ്ടാക്കിയിട്ടില്ലെന്നും, 5 സെക്രട്ടറിമാർ പ്രസ്തുത കാലഘട്ടത്തിൽ കോഴിക്കോട് ബ്ലോക്കിന്റെ സ്വതന്ത്ര ചുമതല വഹിച്ചിരുന്നുവെങ്കിലും അവരാരും തന്നെ പദ്ധതി നിർവ്വഹണത്തിന് ആവശ്യമായ നടപടികൾ സ്വീകരിക്കാത്തതിനാലും, ശ്രീ.ഡി.ജോൺസന്റെ പേരിൽ മാത്രം കുറ്റം ചുമത്തുന്നതിൽ ന്യായീകരണമില്ലെന്നുമാണ് ഗ്രാമവികസന കമ്മീഷണർ അഭിപ്രായപ്പെട്ടിട്ടുള്ളത്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ഗ്രാമവികസന കമ്മീഷണറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ''മൂടത്തായിക്കൽ ചിറ്റാരിക്കൽ ശുദ്ധജല വിതരണ പദ്ധതി''യിലെ ക്രമക്കേടുമായി ബന്ധപ്പെട്ട് കോഴിക്കോട് ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി ആയിരുന്ന ശ്രീ.ഡി.ജോൺസനെതിരായ അച്ചടക്ക നടപടി 1960-ലെ കേരള സിവിൽ സർവ്വീസ് (തരംതിരിക്കലും, നിയന്ത്രണവും അപ്പീലും), റൂൾ 11(1) പ്രകാരം 'താക്കീത്' നൽകി തീർപ്പാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

**എസ്.യു.രാജീവ്**
**ഡെപ്യൂട്ടി സെക്രട്ടറി**

ശ്രീ.ഡി.ജോൺസൺ, മുൻ സെക്രട്ടറി, കോഴിക്കോട് ബ്ലോക്ക് പഞ്ചായത്ത്
(ഗ്രാമവികസന കമ്മീഷണർ മുഖേന)
ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ ആന്റ് ഇ), തൃശ്ശൂർ ബ്രാഞ്ച്
വിജിലൻസ് വകുപ്പ് (27.4.2011ലെ 11807/ഇ3/07/വിജ്. നമ്പർ കത്തു പ്രകാരം)
ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
ഓഫീസ് കോപ്പി/ സ്റ്റോക്ക് ഫയൽ.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ